പതിമൂന്നാം കേരള നിയമസഭ

# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.26 27/06/2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മാനദണ്ഡ വിരുദ്ധമായ സ്ഥലംമാറ്റങ്ങൾ

| ചോദ്യം<br>ശ്രീ.കെ. വി. വിജയദാസ് | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റങ്ങൾക്ക് ഏതെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;<br><br>ബി) എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; | എ) യും ബി) യും ഉണ്ട്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായാണ് ജീവനക്കാരുടെ സ്ഥലം മാറ്റം നടത്തുന്നത്. സർക്കാർ ജീവനക്കാരുടെ 'മിനിമം ടെന്വർ പോളിസി' 10/09/2004 ലെ സ.ഉ. (പി)നം.12 / 2004/ഉഭപവ പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിൽ പ്രസ്തുത മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലംമാറ്റം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാനദണ്ഡ വിരുദ്ധമായ സ്ഥലംമാറ്റങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | സി) വകുപ്പുകളിൽ മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലംമാറ്റങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. |
| ഡി) മാനദണ്ഡ വിരുദ്ധമായ സ്ഥലംമാറ്റങ്ങൾ റദ്ദ ചെയ്യുവാൻ നടപടിസ്വീകരിക്കുമോ;<br><br>ഇ) എങ്കിൽ മാനദണ്ഡവിരുദ്ധമായ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച അധികാരികൾ-ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) ഇ) ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്**